## സുറിയാനിക്രിസ്ത്യാനികളായ

# പുരുഷന്മാരുടെ ശവസംസ്ക്കാരം

## ഒന്നാം ശുശ്രൂഷ

പുരോഹിതൻ: ദൈവമേ! നീ പരിശുദ്ധനാകുന്നു.

പ്രതിവാക്യം: ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ട മ്ശിഹാ
തമ്പുരാ + നേ ഞങ്ങളോടു കരുണ ചെയ്യണമെ.
(മൂന്നു പ്രാവശ്യം ചൊല്ലണം)

Celebrant: Holy art Thou, O God!
Response: Holy art Thou almighty,
Holy art Thou Immortal,
+ Crucified for us, Have mercy-on-us. (Thrice)

പുരോഹിതൻ: **ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമെ.**

പ്രതിവാക്യം: **ഞങ്ങളുടെ കർത്താവേ കൃപതോന്നി ഞങ്ങളോടു കരുണ ചെ യ്യണമെ.**
**ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.**

Celebrant: Lord, have mercy upon us,
Response: Lord, be kind and have mercy,
Lord, accept thou our office, and our entreties; have mercy on us.

പുരോഹിതൻ: ദൈവമേ സ്തുതി
പ്രതിവാക്യം: സൃഷ്ടാവേ സ്തുതി
പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാ രാജാവേ സ്തുതി, ബാറെക്മോർ.

Celebrant: Glory be Thee, O God,
Glory be to Thee, Creator
Glory be Thee, O Christ the king who dost pity sinners Thy servants, Barekmore.

പുരോഹിതൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

പ്രതിവാക്യം: തിരുനാമം പരിശുദ്ധമാക്കപ്പെടണമെ-തിരു രാജ്യം വരണമെ-തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നുംഞങ്ങൾക്കുതരണമെ. ഞങ്ങളുടെ കടക്കാരോടെ ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ-പരീക്ഷയിലേയ്ക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ-പിന്നെയോ തിന്മപ്പെട്ടവനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ-എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും-എന്നേക്കും തനിക്കുള്ളതാകുന്നു-ആമ്മീൻ.

Celebrant: Our Father, who art in heaven,
Response: Hallowed be Thy Name: Thy kingdom come; Thy will be done on earth, as it is in heaven. Give us this day our daily bread: and forgive us our trespasses as we forgive them that trespass against us; lead us not into temptation; but deliver us from evil. For Thine is the king-dom, the power, and the glory, for ever and ever. Amen.

പുരോഹിതൻ: കൃപ നിറഞ്ഞ മറിയമേ,
പ്രതിവാക്യം: നിനക്കു സമാധാനം. നമ്മുടെ കർത്താവ് നിന്നോടു

കൂടെ, നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ; നിന്റെ വയറ്റിൽഫലമായ നമ്മുടെ കർത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധ കന്യക മർത്തമറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തിലും ദൈവംതമ്പുരാനോട്അപേക്ഷിച്ചുകൊള്ളണമെ. ആമ്മീൻ.

Celebrant: Hail Mary, full of grace,
Response: Our Lord is with you, blessed are you among women, and blessed is the fruit of your womb, our Lord Jesus Christ. O! Virgin St. Mary, Mother of God, pray for us sinners, now and at all times, and at the hour of our death. Amen.

പുരോഹിതൻ: ശുബഹോലാബോ......
പ്രതിവാക്യം: ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ കരുണയും കൃപയും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകട്ടെ.

Celebrant: Shubhaholo…..
Response: And upon us, weak and sinners, may mercy and compassion come down abundantly in both worlds forever and ever. Amen.

## പ്രാരംഭപ്രാർത്ഥന

പുരോഹിതൻ: കർത്താവേ! കഷ്ടതകളും ദുഃഖങ്ങളും നിറഞ്ഞ ഈ ലോകത്തിൽ നിന്നു വേർപിരിഞ്ഞ് യാത്രയായി വിദൂരസ്ഥമായിത്തീർന്നിരിക്കുന്ന ഈ ആത്മാവ്, ആശ്വാസവും ആനന്ദവും നിറഞ്ഞതായ സ്ഥലങ്ങളിലേക്ക് കർത്താവിന്റെ വിശുദ്ധ മാലാഖമാരാൽ നയിക്കപ്പെടുവാനും പുനരുത്ഥാനദിവസം വരെ അവിടെ ആനന്ദം അനുഭവിച്ച് പിതൃപുത്രപരിശുദ്ധാത്മാവായ കർത്താവിനെ മുഖപ്രസന്നതയോടുകൂടെ അഭിമുഖീകരിക്കുവാനും ഇടയാകണമെ. ഹോശോ......

## PREPARATORY PRAYER

Celebrant: O Lord, make this soul, that has been set free from this temporal life and has departed from this sorrowful and painful world, be worthy to be guided by Your holy angels to the heavenly mansions that abound in delight and rest until the day of resurrection, on which he will meet You with confidence, Father, Son and Holy Spirit forever and ever. Amen.

**(51-ാം മസുമൂർ)**

ദൈവമേ!തവ കൃപയിൻപ്രകാരംഎന്നോടു കരുണ ചെയ്യണമേ. തിരു കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെപാപങ്ങളെ മായിച്ചു കളയണമേ.

എന്റെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ എന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരേ ഇരിക്കുന്നു.

തനിക്കു വിരോധമായി ത്തന്നെ ഞാൻ പാപം ചെയ്തു. തന്റെ തിരു മുമ്പിൽ തിന്മകളെ ഞാൻ ചെയ്തു. അതു തന്റെ വചനത്തിൽ താൻ നീതീകരിക്കപ്പെടുകയും തന്റെ ന്യായവിധികളിൽ താൻ ജയിക്കുകയും ചെയ്‌വാനായിട്ടു തന്നെ. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുക യും ചെയ്തു.

എന്നാൽ നീതിയിൽ താൻ ഇഷ്ടപ്പെട്ടു. തന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ തന്നെ താൻ അറിയിച്ചു. സോപ്പാകൊണ്ട് എന്റെ മേൽ താൻ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെതാൻ വെണ്മയാക്കണമേ. ഹിമത്തേക്കാൾ ഞാൻ വെണ്മയാകും. തന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണമേ. ക്ഷീണതയുള്ളഎന്റെ അസ്ഥികൾസന്തോഷിക്കും എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ അതിക്ര

മങ്ങളെ ഒ ക്കെയും മായിച്ചു കളയണമേ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമേ. സ്ഥിരതയുള്ള തിരുആത്മാവിനെ എന്റെഉള്ളിൽ പുതുതാക്കണമേ. തന്റെ തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. തവ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയുമരുതേ.

എന്നാലോ തിരു ആനന്ദവും രക്ഷയും എനിക്ക് തിരിച്ചു തരേണമേ. മഹത്ത്വമുള്ള തന്നാത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രക്കാരെ തിരു വഴി പഠിപ്പിക്കും. പാപികൾ തങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെരക്ഷയായദൈവമായ ദൈവമേ! രക്തത്തിൽനിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവ് തിരു നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമേ. എന്റെ വായ് തന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ താൻ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ താൻ നിരപ്പയതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവംനുറുങ്ങിയഹൃദയത്തെനിരസിക്കുന്നില്ല

തന്റെ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമേ. ഊർശ്ലേമിന്റെ മതിലുകളെ പണിയണമേ. അപ്പോൾ നീതിയോടു കൂടിയ ബലികളിലും ഹോമബലികളിലും താൻ ഇഷ്ടപ്പെടും. അപ്പോൾ തന്റെ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമേ! സ്തുതി തനിക്ക് യോഗ്യമാകുന്നു. ബാറെക്മോർ. ശുബഹോ...... മെനഓലം.....

Have mercy on me, God, in thy loving kindness; in the abundance of thy mercy blot out my sin. Wash me throughly from my guilt and cleanse me from my sin. For I acknowledge my fault and my sins are before me always.

Against Thee only have I sinned and done evil in thy sight, that Thou mayst be justified in Thy words and vindicated in Thy judgement.

For I was born in guilt and in sin did my mother conveive me.

But Thou takest pleasure in truth and Thou hast made known to me the secrets of Thy wisdom. Sprinkle me with Thy hyssop and I shall be clean; wash me and I shall be whiter than snow.

Give me the comfort of Thy joy and gladness, and the bones which have been humbled shall rejoice. Turn away Thy face from my sins and blot out all my faults.

Create in me a clean heart, O God, and renew Thy steadfast spirit within me. Cast not me from Thy presence and take not Thy Holy Spirit from me. But restore to me Thy joy and Thy salvation, and let Thy glorious spirit sustain me; that I may teach the wicked Thy way and sinners may return to Thee. Deliver me from blood, O God, God of my salvation, and my tongue shall praise Thy justice. Lord, open my lips, and my mouth shall sing Thy praise.

For Thou dost not take pleasure in sacrifices; by burnt offerings Thou art not appeased. The sacrifice of God is a humble spirit, a heart that is contrite God will not despise

Do good in Thy good pleasure to Zion and built up the walls of jerusalem.

Then shalt Thou be satisfied with sacrifices of truth and with whole burnt offerings; then shall they offer bullocks upon Thine altar.

And to Thee belongs the praise, O God.   Barekmor.

Shubhaho....   Menaolam.....

**എനിയോനെ**
**(കാദീശെദശ്റീശ്കിൻത്തെ)**

ആദാം മക്കൾക്കുത്ഥാനം-വാഗ്ദത്തം ചെ-യ്തോൻ മ്ശിഹാ
നിൻശരണത്തിൽ നിദ്രിതരാം ഭക്തക്ക്ളുണമു-ത്ഥാ-നം.

താൽക്കാലികമാം-വാസത്തീ-ന്നടിയാനെ നീ-ക്കിയ മ്ശിഹാ!
കനിവൊടു കൈക്കൊള്ളുണമിവനെ വിധിയതിലേറ്റരുതേ-നാ-ഥാ!
വെളിവായെല്ലാം-തൃക്കണ്ണാൽ കാണും മ്ശിഹാ-രാജാവേ!
നിന്മഹിമോദയ ദിവസത്തിൽ ഇവന്റെ കറ വെളിവാ-ക്ക-ല്ലെ.

നിൻശരണത്താൽ നിദ്രിതനാം ദാസന്ന മ്ശിഹാ-സ്മൃതി നൽകി
നിന്മഹിമോദയ ദിവസത്തിൽ വലഭാഗത്തായ് ചേ-ക്ക്േ-ണം.

സ്വർഗ്ഗകവാടം-ഭേദിക്കും പറുദീസിൻ താ-ക്കോൽ മ്ശിഹാ!
തവ ശരണേ മൃതനാം ദാസ-ന്നൻപാൽ വാതിൽ തുറ-ക്കേ-ണമേ.
പോവുക സഹജാ!കരയരുതേ നാഥൻ പ്രഭയിൽ-പാപ്പിക്കും
വഴി കാണിക്കും പറുദീസിൻ കാവൽ ക്രോബേ  മാ-ലാഖാ.

മൃതലോകത്തീന്നും-ലാസർ-ക്കുത്ഥാനം ന-ൽകിയ നാദം
കബറതിൽ നിന്നും നിന്നെ വിളി-ച്ചേറ്റീടും പറുദീ-സാ-യിൽ.

മ്ശിഹാനൃപതേ! സൃഷ്ടിപതേ! സര്വ്വരഹസ്യം-കാണ്മോനേ!
നാഥാ! കൃപയാൽ ഞങ്ങളെ നിൻ ചിറകിൻ മറവിൽ ചേര്ക്കേണമെ.
നിൻശരണത്തിൽ-നിൻകൃപയിൽ നിദ്രിതനാമീ-സോദരനെ
നിന്നാഗമനപ്പെരുന്നാളിൽ നിൻകൃപ നേരിട്ടീ-ടേ-ണം.
ബാറെക്മോർ-ശുബഹോ....മെനഗാലം....

ജനകാത്മജപാ-വന റൂഹാ! സത്യൈകേശാ!-കല്പനയാൽ
വാങ്ങിയൊരാത്മാവങ്ങേയ്ക്കായ് വന്ദനവും സ്തുതിയും ന-ൽകും.

O Christ, who has promised resurrection to Adam’s mortal children, we beseech You to raise and quicken Your servant who has slept trusting in you.

O Christ, the King of glory, to Whom all the hidden things are known, reveal not my personal offences when all the secrets are made manifest.

Christ, Thy are truly the key to paradise which opens the gates of heaven; open, O Lord, the gate of Your mercies to Your servant who has slept trusting in You.

Depart, brother, and sorrow not because the Lord will make you to dwell in His light, and the cherub who guards paradise will prepare the path for you.

May the faithful departed, who believed in the Trinity, be worthy to receive Your promise which was made to the thief of the cross.

Make Your servant, who has departed with trust and condidence in Your compassion, be worthy to stand at

Your right hand on the day when Your majesty is made manifest.

Barekhmore.

Shubhaho.... Menolam......

The soul that has departed by Your command offers glory and doration to You, Father, Son, and Holy Spirit, one true God.

May the voice that called Lazarus and raised him from the dead, call you and raise you from the grave to paradise.

**പ്രാർത്ഥന**

കാരുണ്യവാനായ ദൈവമേ! കർത്താവിൽ അഭയം പ്രാപിച്ചുകൊണ്ട് തിരുകല്പനപ്രകാരം ഇവിടെനിന്ന് യാത്രയായിരിക്കുന്ന ഈ ആത്മാവിനുവേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു. കർത്താവേ! ക്രൂരന്മാരായ അശുദ്ധപിശാചുക്കളുടെവഞ്ചകസമൂഹത്തിൽനിന്നും സംരക്ഷിക്കപ്പെട്ട് ജീവനുള്ളവരുടെ വാസസ്ഥലങ്ങളിൽ ചെന്നെത്തുവാൻ തക്കവണ്ണം ഈ ആത്മാവിനെ കാത്തു കൊള്ളണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ളോവേ! ഈ ആത്മാവ് കർത്താവിന്റെ വിശുദ്ധന്മാരുടെ പട്ടണത്തിൽ അധിവസിക്കുകയും വെടിപ്പുള്ള സ്ഥലത്ത് ഇപ്പോഴും എന്നേക്കും പാർക്കുകയും ചെയ്യുമാറാകണമെ. ഹോശോ.....

O merciful God! we take refuge in Thee and pray for this soul who by Thy supreme command has departerd from this world. Deliver him, O Lord, that he may escape from the clutches of the unclean and bitter evil spirits and from the deceiving band of the invisible aerial adversaries and reach the mansions of the living and dwell in the city of Thy saints and live in the place

of the holy ones, O Father, Son and Holy Spirit, now and always for ever: Amen.

**കുക്കിലിയോൻ**
**(അഞ്ചാം രാഗം)**

1. നാഥാ! നിങ്കലുയർത്തുന്നെന്നാത്മത്തെ-ഹാലേലുയ്യ
നീയെൻ ശരണം ഞാൻ ലജ്ജിക്കരുതേ-ദേവേശാ!

2. വൈരികൾ ഡംഭം കാട്ടരുതെന്മേൽ-ഹാലേലുയ്യ
ലജ്ജിക്കരുതെ നിന്നാശ്രിതരാരും

3. ലജ്ജിക്കും ദോഷികൾ വ്യർത്ഥതയാൽ-ഹാലേലുയ്യ
കർത്താവേ! കാട്ടുക നിൻ പാതകളെ.

4. അറിയിക്കണമെന്നെ നിൻ ചെറുവഴികൾ-ഹാലേലുയ്യ
നേരിൽ നയിച്ചെന്നെപ്പരിശീ-ലിപ്പിക്ക.

ബാറെക്മോർ-ശുബഹോ....മെനഓലം....

Unto You, O Lord, do I lift my soul; Halleluiah
O my God, I trust in You; let me not be ashamed.
Let not my enemies triumph over me, Halleluiah
Yea. Let none that trust in you be ashmed.

Let them be ashamed which transgress without cause
Halleluiah, Show me your ways, O Lord
Shew me Your small paths Halleluiah
Lead me in straigth and teach me your paths.

Barekhmore.
Shubhaho.... Menolam......

**എക്ബൊ**

സർവ്വേശാ മ്ശ്ഹാ! വിശ്രാന്തിയുമാനന്ദമതും ദാ-സർക്കുൾക.
മരണം കൈക്കൊണ്ടോനാം നീ-പാതാള-സ്ഥിതരെ

നാശംതീത്തെ്ഴുന്നേല്പിപ്പാൻ സാക്ഷാത്താംജീവോ-ത്ഥാനങ്ങൾ വാഗ്ദത്തം ചെയ്തോതിയപോൽ ആശ്വാസമവക്ക്ത്ഥാനെനൽക

സ്തൗമെൻകാലോസ്....

Grant, O Christ our God, rest and felicity to Your servants, and comfort them on the day of resurrection as You have promised; You Who were counted among the dead and preached to them the true hope and the resurrection of righteousness, and promised to redeem them from the perdition of Sheol.

Stomen kalos, Kurie eleison

**പ്രുമിയോൻ**

സ്വന്തരൂപത്തിൽ നമ്മെ രൂപപ്പെടുത്തിയ ഉത്തമനും, സ്വന്ത ഛായയിൽ നമ്മെ നിർമ്മിച്ച സ്രഷ്ടാവും, മണ്ണുകൊണ്ട് നമ്മെ മെനഞ്ഞുണ്ടാക്കുകയും തന്റെ നീതിയിൽ അതിലേക്ക് തന്നെ നമ്മെ തിരിച്ചയയ്ക്കുകയും കൃപയോടെ അതിൽ നിന്ന്വീണ്ടുംഉദ്ധരിക്കുകയും ചെയ്യുന്ന നിർമ്മിതാവും ആയവനു സ്തുതി. തന്റെ ദാസന്റെ ശവസംസ്ക്കാര ശുശ്രൂഷ ഞങ്ങൾ നിവഹിക്കുന്ന ഈ സമയത്തും .......സ്തുതിയും ബഹുമാനവും യോഗ്യമാകുന്നു. ബ്കു..

Glory be to Him, Who is the hope of the living and the raiser of the dead, in Whose hands are the souls of the just and righteous, Who restores the bodies of His creation and brings them up from the dark chambers of Sheol and sends them to the paradise which overflows with felicity and delight. To Him be glory, honor and adoration at this time of His servants burial service and at all festivals, times, hours, seasons and through all the days of our life forever and ever. Bhaku.....

**സെദറാ**

**ബലവാനും യോദ്ധാവും ഭയങ്കരനും സകലത്തേയും ഭരിക്കുന്നവ**

നമായ കർത്താവേ! തവ കല്പനയാൽ സകലവും ഉണ്ടാകുകയും തവ കല്പനയാൽ തന്നെ എല്ലാം അഴിഞ്ഞുപോവുകയും ചെയ്യുന്നു. തിരുവിഷ്ടപ്രകാരം തന്നെ ജീവനും, അവിടുത്തെ ആംഗ്യത്താൽ അവസാനവും സംഭവിക്കുന്നു. ദൈവമേ! ജീവഘ്രാണവും സകലത്തിന്റേയും ശ്വാസവും കർത്താവാകുന്നു. ദൈവത്തിലുള്ള പ്രത്യാശയിൽ അപകടപൂർണ്ണമായ ജീവിതമാകുന്ന ഈ താൽക്കാലിക വിദേശവാസത്തിൽ നിന്ന് യാത്രയായി നിദ്രപ്രാപിച്ചിരിക്കുന്ന ഈ ദാസനിൽ കനിയണമെ. തിരു ആശ്വാസഭവനങ്ങളിലേക്കു കടക്കുവോളം തവ വിശുദ്ധ സേനകളാൽ ഇവനു സഹായം നൽകണമെ. മഹാകാരുണ്യവാനായ ദൈവമേ! തവ ശ്രേഷ്ഠത ഉദിക്കുകയും തിരുകർതൃത്വം വെളിപ്പെടുകയും തവ പരാക്രമം അറിയപ്പെടുകയും കർത്താവിനെക്കുറിച്ചുള്ള ഭയം എല്ലാവരിലും ഉണ്ടാകുകയും ചെയ്യുന്നതായ ആ അവസാന പുനരുത്ഥാന ദിവസത്തിൽ മാലാഖമാർ കാഹളനാദം പുറപ്പെടുവിക്കുകയും റീശൈമാലാഖമാർ അട്ടഹസിക്കുകയും അഗ്നിമയന്മാരുടെ സകല സംഘങ്ങളും ദൈവീക ഭയങ്കരതയുടെ പ്രഭാവത്തെ കൊണ്ടാടുകയും ചെയ്യുമ്പോൾ രാജ്യങ്ങൾ മാഞ്ഞുപോവുകയും തലസ്ഥാനങ്ങൾ അഴിഞ്ഞു പോവുകയും പ്രശംസക്കാരുടെ സിംഹാസനങ്ങൾ നശിച്ചു മറിഞ്ഞുപോവുകയും സംവത്സരങ്ങൾ ഛേദിക്കപ്പെടുകയും മാസങ്ങളുടെ സംഖ്യയ്ക്ക് അഴിവുണ്ടാവുകയും രാപകലുകൾ ഒടുങ്ങിപ്പോവുകയും സൃഷ്ടി മുഴുവൻ ശൂന്യമായി അവശേഷിക്കുകയും ആകാശം ഇളകുകയും സൂര്യൻ അന്ധകാരപ്പെടുകയും ചന്ദ്രനും നക്ഷത്രങ്ങളും കാർമേഘാവൃതമായി തീരുകയും ചെയ്യുന്ന സമയത്ത്, കർത്താവ് ഭയങ്കരമായ നിലയിൽ ആഗതനാവുകയും പ്രത്യക്ഷമായി കാണപ്പെടുകയും എല്ലാ ഭൂഭാഗങ്ങളെയും അതിർത്തികളേയും ഭയത്തോടും വിറയലോടും നിറുത്തുകയും നീതിമാന്മാർ ആനന്ദിക്കുകയും പുണ്യവാന്മാർ സന്തോഷിക്കുകയും പ്രകാശ സന്താനങ്ങളെല്ലാവരും കർത്താവിനെ എതിരേൽക്കുവാനായി പുറപ്പെടുകയും ദുഷ്ടന്മാർ ലജ്ജിക്കുകയും വിജാതീയർ മ്ലാനവദനരാവുകയും ദുഷ്കർമ്മികൾ നാണിച്ചു നിൽക്കേണ്ടി വരികയും ചെയ്യുമ്പോൾ, തവ മഹിമയുടെ സിംഹാസനം ഒരുക്കപ്പെടുകയും ആനന്ദപ്രദമായ തവ ശബ്ദം എല്ലാ ജഡങ്ങളേയും ഒരുമിച്ചു കൂട്ടുകയും നീതി കോ

പിപ്പിക്കുയും അഗ്നി ജ്വലിക്കുകയും വാൾ മൂച്ച്കൂട്ടപ്പെടുകയും അന്ധകാരം വ്യാപിക്കുകയും നാശവും ദണ്ഡനവും വിധിക്കപ്പെടുകയും പല്ലുകടി കേൾക്കപ്പെടുകയും ഉത്തമന്മാർ വേർതിരിക്കപ്പെടുകയും പാപികൾ ശിക്ഷയ്ക്ക് വിധിക്കപ്പെടുകയും സർവ്വരുടേയും പ്രവൃത്തികൾ പരസ്യമായി പരിശോധിക്കപ്പെടുകയും ചെയ്യുന്നതായ ആ സമയത്ത് അവിടെയുള്ള ശിക്ഷാവിധിയിൽ നിന്നും ഈ തവ ദാസന്റെ ആത്മാവിനെ സംരംക്ഷിച്ചുകൊള്ളണമെ. തവ മനുഷ്യസ്നേഹം മൂലം ഇവനിൽ കരുണചെയ്യണമെ. ഇവൻ ചെയ്തുപോയിട്ടുള്ള ഹീനകർമ്മങ്ങളെ പരിഗണിക്കരുതെ. ഇവൻ ചെയ്ത പാപങ്ങളെ ഓർമ്മിക്കയുമരുതെ. ഭയങ്കരമായ തിരുന്യായവിധിയിൽ ഇവനെ ശിക്ഷിക്കരുതെ. തവ കൃപയിൽ നിന്ന് ഇവൻ നിരോധിക്കപ്പെടുകയുമരുതെ. കർത്താവിനെ സ്നേഹിച്ചിട്ടുള്ള കൂട്ടത്തിൽ നിന്ന് ഇവൻ വേർതിരിക്കപ്പെടുവാനിടയാകരുതെ. തിരുകരുണയിൻ ചിറകു വിരിച്ച് ഇവനെ സംരക്ഷിച്ചു കൊള്ളണമെ. കർത്താവിന്റെ ദിവസത്തിനായി സന്തോഷപൂർവ്വം കാത്തിരിക്കുന്ന കർത്താവിന്റെ സകല സ്നേഹിതന്മാരും വത്സലന്മാരും കർത്താവിനോടപേക്ഷിക്കുമാറാകണമെ. കർത്താവിൻെറ രാജ്യത്തിന് ഇവനെ അർഹനാക്കണമെ. മുഖപക്ഷമില്ലാത്തവനും അവനവന്റെ പ്രവർത്തികൾക്ക് തക്കപോലെ എല്ലാവർക്കും പ്രതിഫലം നൽകുന്നവനുമായ നീതിയും സത്യവുമുള്ള ന്യായാധിപതിയായുള്ളോവേ! ഇവൻ സന്തോഷാനന്ദങ്ങളോടെ കർത്താവിന്റെ കൂടെ മണവറയിലേക്കു പ്രവേശിക്കുകയും കർത്താവിന്റെ കരുണയേയും കൃപയേയും സ്തുതിച്ച് പാടുകയും ചെയ്യുമാറാകണമെ. കർത്താവിന് കർത്താവിന്റെ പിതാവിനോടും പരിശുദ്ധ റൂഹായോടും കൂടെ സ്തുതി യോഗ്യമാകുന്നു. ഹോശോ......
ദൈവത്തിൽ നിന്ന്.........

Almighty and powerful Lord, Who awesomely reigns over all, by Your word all things are made and by Your orders they shall all be dissolved; by Your will is life and by Your command is the end. You are God Who is the breath and life of all. Have mercy upon the soul of Your servant, who trusting in You, has passed

away and departed from the transitory pilgrimage of this life which is full of tribulations. Help him by Your holy hosts until he reaches Your abodes of delight. On the last day of the general resurrection, when Your greatness is made manifest, Your Lordship glorified, Your kingdom revealed, Your mightiness made known, and Your dread shall fall upon mankind; when the angels sound the trumpets, the archangels blow the horns, and the fiery congregations whorship the mightiness of Your strength; when the kingdoms cease to exist, the principalities are dissolved, and the thrones of the boastful are overthrown into corruption; when the succession of the years is interrupted, the reckoning of months is rendered null and void; when days and nights vanish away, and the whole creation comes to naught; when heaven is caused to be agitated, the sun turns into darkness, and the moon and stars put in a gloomy cloud; when Your fear-inspiring coming is declared, Your glorious manifestation is made to shine upon all men, and all the dead shall be raised by Your life-giving voice from all the quarters and the regions of the world; when the just shall exult, the righteous shall rejoice, and the children of light shall be on their way to joyously meet You; at the dreadful hour of test, the wicked shall be put to shame, the ungodly shall be mournful, and the impious shall stand in reproach; When Your glorious throne is firmly established and Your sweet voice gathers all the nations; when justice threatens to destroy and the fire breaks out in flames to burn;when the flaming blade of the sword is sharpened and the darkness grows thick and black; when

perdition and torment threaten to devour and the gnashing of teeth shall be heard; when the virtuous shall be abundantly rewarded and the sinners shall be severely punished, and the works of evberyone shall be publicly tested; yea, merciful and compassionate God, we humbly beseech You to deliver the soul of Your servant, at that hour, from the torment and torture there. Have pity on him in accordance with Your loving kindness. Investigate not the offences committed by him, remember not the sins perpetrated by him, and do not condemn him in Your dreadful judgment. Deliver him not unto bitter despair, make him not a portion allotted to the quenchless fire, deprive him not of Your grace, separate him not from those who loved You, but rather protect him under the wings of Your mercy. May Your dear friends and beloved ones, who kept in expectation for Your day and became worthy of Your kingdom, intercede on his behalf, and with them, rejoicing and exulting, may he enter into Your chamber, praising Your glorious mercy and grace, O just and impartial Judge, Who treats none with partiality but rewards all men according to their deeds, to Whom glory, honor, and adoration is due now and at all times forever. Amen.

Celebrant: From God may we receive remission of debts and forgiveness of sins in both worlds forever and ever

**തക്ശെപ്തൊ**

**(ഹൊയ്ദേൻ മൊദ്റോലൊൻ)**

സ്ഥാ-നഭ്രംശത്താൽ സൃഷ്ടികളഖിലം
സംഭ്രമപൂർവ്വം-മറിയുമ്പോൾ

ആദിത്യനമമ്പിളിയും താരകളും
പ്രഭയില്ലാതായ് മറയുന്നു.
ലോകം സ്രഷ്ടവ-വിൻ വാക്കാൽ
അന്ത്യാവസ്ഥ-യിലെത്തുന്ന
പാടേ-കബറുകളിളകിപ്പിളരുന്ന
നിര്യാതന്മാ-രുയരുന്ന
നേ-രും നീതിയുമുൾക്കൊള്ളും
നിയതവിധിക്കായ് വിധിഗേഹം പ്രാപി-ക്കു-ന്നു.

മൊറിയൊ.....

At that time, when the whole creation begins to shake and the rocks and their foundations become agitated; when the sun, the moon, and the stars shall be turned into darkness, then by the Creator's decree, the world shall come to an end. Suddenly, the graves shall be opened with terror, and the dead therein shall be quickened to be ready in the tribunal, to receive their rewards in a righteous, just, and impartial judgement.

Moriyoraho.......

**എത്രൊ (Prayer of Incense)**

കർത്താവേ! സത്യവിശ്വാസത്തോടും സൽപ്രവൃത്തികളോടുംകൂടെ ഈ ലോകത്തിൽ നിന്ന് യാത്ര പുറപ്പെട്ടിരിക്കുന്ന വിശ്വാസിയായ ഈ സഹോദരന്റെ ആത്മാവിന് കർത്താവ് വിമോചകനും പാപപരിഹാരകനും ആയിരിക്കണമെ. ഇവന്റെ ആയുഷ്ക്കാലത്ത് ഇവൻ ചെയ്തുപോയിട്ടുള്ള സകല പാപങ്ങളും തെറ്റുകളും മ്ലേച്ഛതകളും അനുഗ്രഹസമ്പൂർണ്ണമായ തവ കരുണാസമുദ്രത്തിൽ കഴുകി വെടിപ്പാക്കണമെ. ജീവദായകമായ തിരു ദൈവത്വത്തിന്റെ കല്പനയാലും ആംഗ്യത്താലും ഇവനെ നാശത്തിൽ നിന്നും നശ്വരതയിൽ നിന്നും ഉദ്ധരിക്കണമെ. മഹനീയമായ തവ ശ്രേഷ്ഠതയിൻ കല്പനയാൽ ഇവന്റെ ദേഹിയെയും ആത്മാവിനെയും വിശുദ്ധീകരിക്കണമെ. ഇവനുവേണ്ടി ഞങ്ങൾ അണച്ചിരിക്കുന്ന ഈ ധൂപത്താൽ ഇവനു പാപപരിഹാരം നൽകണ

മെ. കരച്ചിലോ വിലാപമോ ഇല്ലാത്ത സന്തോഷോല്ലാസങ്ങളുടെ സ്ഥലത്ത് ഇവനെ ആശ്വസിപ്പിച്ചുകൊള്ളണമെ. ഞങ്ങളും വിശ്വാസികളായ സകല മരിച്ചുപോയവരും തവ വലത്തുഭാഗത്ത് നിന്നുകൊണ്ട് പിതൃപുത്രപരിശുദ്ധാത്മാവായ തനിക്ക് സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമെ. ഹോശോ.......

Forgive and absolve, O Lord, the soul of this Your faithful servant who, in true faith and virtuous deeds, has departed from this world. By the sea of Your compassion, wipe out his transgressions, and wash him thorougly from the infirmities and offences committed by him in his lifetime. By Your divine and life-giving command, restore him from corruption and deliver him from destruction. Sanctify his soul and spirit by the righteous decree of Your glorious majesty. Grant him remission of sins by virtue of this sweet incense which we have offered on his behalf, that he may obtain rest in the abodes of gladness and rejoicing where there is neither weeping nor mourning. O merciful Lord, make us and our faithful departed worthy to stand at Your right hand and to offer You glory and praise, Father, Son and Holy Spirit forever and ever. Hoso.....

**കോലൊ**

**(മൊറഹീമിൻ)**

ആദാമിലാ-രംഭി-ച്ചായതമായ് മ്ശിഹായോളം
മരണം നീ-ണാളോടി

മ്ശിഹായ-മ്മരണത്തി-ന്നധികാരം
ഒഴിവാക്കി-പ്പാപത്തിൻ-മുനനീക്കി
ഘോഷിക്കു-ന്നെല്ലാ-ത്തലമുറയും സ്കീപ്പായിന്മേൽ
നേടിയതാം-വിജയത്തെ.

പുനരുത്ഥാ-നത്തിൽ-മാഞ്ഞീടും മൃതിയൊടു പാപം
ലജ്ജിതനാ-കും സാത്താൻ
നീതിപര-ന്മാരെല്ലാം-മോദിക്കും
ശോഭനമാം-വസനത്താൽ ഭൂഷിതരായ്
ദീപികയാ-ളിച്ചി-ട്ടവരെത്തും മണവാളനുമായ്
മണവറയെ പൂകിടുവാൻ

ബാറെക്മോർ-ശുബഹോ.......

ഗാത്രത്തോ-ടാത്മാ-വോതുന്നു സസമാധാനം
പ്രിയസഹജാ-മരുവുക നീ
പോകുന്നേൻ-ഞാനാ-ശിക്കുന്നുണ്ടുത്ഥാനത്തിൽ
നിന്നെക്കാ-ണാൻ വീണ്ടും.

മെനഓലം.....

മ്ശിഹാരാ-ജാവിൻ-വരവിങ്കൽ ദൂതവരന്മാർ
കാഹളമൂ-തുന്നേരം
കബറുകളും-പാറകളും-പൊളിയുമുടൻ

മൃതരെല്ലാ-മുത്ഥാനം-ചെയ്തീടും
ദീപികയാ-ളിച്ചി-ട്ടവരെത്തും മണവാളനുമായ്
മണവറയെ-പൂകിടുവാൻ.

From adam death commenced and extended until Christ. Christ abolished its authority and broke the sting of sin. Lo, the victory, which was obtained on the cross, has been preached from generation to generation

Barekhmor-Shubhaho....

The soul, in addressing the body, says: Farewell, my brother and beloved one, I am departing from you to the abodes where God commands me to go. I have confidence in the Lord to meet you again on the day of resurrection.

Menaolam.......

By the coming of christ the King and with the voice of

the archangels' trumpet, the graves and rocks shall be split and all the dead will rise up with lighted lamps, so that they may enter with the bridegroom into the chamber.

**മദറൊശൊ**

**(തുബൌലമൻ)**

ന്യായധിപ നാഥാ!-ഈ-ശോയേ!
വിധിവിജയം നേടു-ന്നോ-ൻ ധന്യൻ
നാമെങ്ങെന്നോപ്പിൻ-സോ-ദരരേ!
വിധിവിജയം നേടു-ന്നോ-ൻ ധന്യൻ
നാമിന്നാൾ വീട്ടിൽ ഭാ-ഷിക്കും
നാളെക്കബറുകളിൽ-മൗ-നികളാം
നിത്യമിതോക്കുന്നോൻ താൻ-ധന്യൻ.
ഭ്രാതാക്കന്മാരേ!-സ-ശ്രദ്ധം-
കേട്ടറിവിൻ നിങ്ങൾ-സ-മ്പത്തും
സൗന്ദര്യവുമാഞ്ഞാ-ശ-ക്തിയതും

പൊയ്പ്പോയ് നിശ്ശേഷം-മാ-ഞ്ഞീടും
നിത്യം വാഴുന്നോൻ-താ-ൻ ധന്യൻ.
സോദരരന്യോന്യം-മ-ല്ലിട്ടു
മദ്ധ്യേ മൃതിവേഗം-ചെ-ന്നെത്തി
ഭാഗം ഭാഗം വേർ-പാ-ടാക്കി
കത്താവിനെയാന്നോൻ-താ-ൻ ധന്യൻ.
മൃതസങ്കേതം ഞാൻ-പ്രാപിച്ചു.
മോദകരം തേജ-സ്സ-ങ്ങില്ല
ശാശ്വതതേജസ്സേ!-നി-ന്നാൽ ഞാ-
നാനന്ദസ്ഥാനം-പ്രാ-പിക്കും.

**ബ്രീക്ക മ്ശീഹൊ**

ഉ-ത്ഥാനദിനേ-മൃതജനതയ്ക്കുയിരേകി
ശോ-ഭനഗാത്രം-നൽകും മ്ശിഹാ ധന്യൻ
ഹേ!-മൃതിഗതരേ! ഉത്ഥാനം-ദ്രുതമെത്തും
ഖേ-ദിക്കേണ്ടാ-ദേഹത്തിൻ നാശത്തിൽ

സുന്ദരമായ്-നിങ്ങളെ നിർമ്മിച്ചോൻ
ഗാത്രത്തി-ന്നുത്ഥാനം നൽകി
സർവ്വർക്കും-പ്രതിദാനം-യോഗ്യതപോലരുളീടും

ആർദ്രതമൂലം-പാതാളം പൂകി മൃതർ-
ക്കെ-ല്ലാപേർക്കും-മാർഗ്ഗം കാണിച്ചോനേ!
ആദമ്യ-ർക്കുത്ഥാനം നൽകാൻ
അന്ത്യദിനേ-നീ വന്നീടുമ്പോൾ
നിന്നിലുറ-ങ്ങും ദാസ-ന്നമ്പൊടു നൽ-കുക ജീവൻ

ഹാ!-സ്നേഹിതരെ! മൃതിദൂതൻ-വന്നെത്തി
വേ-ഗം പോവാ-നവനെന്നെ-ധൃതികൂട്ടി
പരിചിതരെ-കണ്ടീടാനവനോ-
ടനുവാദം-ഞാനഭ്യർത്ഥിച്ചു
യാചനയും-കോഴകളും-കൈക്കൊണ്ടി-ല്ലവനയ്യോ

ഞാ-ൻ ചെയ്യുന്നെ-ന്തെൻപ്രിയരെ! വത്സലരേ!
നോ-ക്കീടുന്നേൻ-പിഴയെന്നെ-വിധിനിലയേ
എൻപാപം-ഞാനോർക്കുന്നെന്നെ-
യവതേടും-സംഭ്രമമിയലുന്നേൻ
അൻപുടയോൻ-തൻവരവിൽ-കൃപചെയ്വാനർത്ഥിപ്പിൻ.

ഹാ! സോദരരേ! മൃതിരചിതം-മദകരമാം
ഈ-പാനീയം-പാർക്കിലഹോ-ബഹുതിക്തം
സുതരതിനാൽ-താതനെയും ജനനീ
ജനകന്മാർ-വത്സലസുതരെയും
ഓർത്തീടു-ന്നില്ലിതിനെ-നിയമിച്ചോൻ-വാഴ്വുടയോൻ

Blessed be Christ Who will raise the dead and clothe their bodies with glory on the day of resurrection.

Resurrection day is drawing near, therefore, sorrow not, O departed, for the corruption of your bodies. He,

Who created and adorned your substance, will quicken and raise your bodies, and, in justice, He will rewards everyone according to his deeds.

O Lord, Who descended into Sheol, and became the guest of those who are in the graves, we humbly beseech You, when You come on the last day to quicken the human race that, by Your grace, You may raise this Your servant who has passed away trusting in You.

O beloved ones, the messenger of death is drawing near to me; he is hurrying to take me away with him immediately, I prayed and pleaded that time be granted me in order to see my relatives, but he neither accepts persuasion nor does he take a bribe.

Woe, my brethren, how terribly bitter is this cup which death has mixed to intoxicate all those who drink of it. Once taken, it causes children to forget their parents, parents to forget their children's love, and mothers to forget their dear ones. Blessed is He, Who mixed it for all to drink of it.

### മാർ യാക്കോബിന്റെ ബോവൂസൊ

ദൈ-വാത്മജനേ! ശാശ്വതരാജ്യത്താശ്വാസം നിൻ
ദാ-സന്നേകുക ധാർമ്മിക ശുദ്ധന്മാരോടൊപ്പം

ക-ല്ലറയിന്നും മൃതരെയേറ്റീട്ടുത്ഥാനത്തിൽ
തേ-ജോമയമാം വസ്ത്രം നൽകുന്നോനേ! സ്തോത്രം

ദൈ-വത്താൽ പ്രേഷിതനാം ദൂതൻ ഭീതിപ്രദനാം
ശീ-ഘ്രം പ്രേഷിപ്പിച്ചീടുമ്പോളേറ്റം ഘോരൻ.

പാ-പം തീണ്ടിയോരാത്മത്തെ ജവമിങ്ങെത്തിക്കെ-
ന്നീറെനോടുന്നതനാംഗ്യത്താൽ കല്പിക്കുന്നു.

ദൂ-തൻ താണിട്ടേകീടുന്നു മൃതിയിൻ ശിക്ഷ
താ-ഡിക്കുന്നു മരണാസ്ത്രത്താൽ ദൃഢഗാത്രത്തെ.

ഗാ-ത്രമശേഷം ജ്വരമാം ദഹനൻ ബാധിക്കുന്നു
വേ-ദനയാലസ്ഥികളന്യോന്യം തിക്കീടുന്നു.

സ-ങ്കടഭാരം ചിത്തത്തേ ഹാ! മഥനം ചെയ്വൂ.
മു-മ്പിൽ കാര്യം സർവ്വവുമൊന്നായ് വന്നീടുന്നു.

തേ-ജോരമ്യം സുന്ദരനേത്രം മങ്ങീടുന്നു.
ചു-ണ്ടുകൾ രണ്ടും മരണത്തിൻ വീഞ്ഞുൾക്കൊള്ളുന്നു.

മ-ണ്ണാലാദാമിനെ നിർമ്മിച്ചോൻ താതൻ സ്തുത്യൻ
ക്രൂ-ശിൻപാടാൽ രക്ഷിച്ചോനാം പുത്രൻ വന്ദ്യൻ

അ-ന്ത്യം ജീവൻ നൽകീട്ടവനെ മക്കളൊടൊപ്പം
തേ-ജസ്സണിയിച്ചീടും റൂഹാ സ്തോത്രാർഹൻ താൻ.

ക-ല്ലറയിന്നും മൃതരെയേറ്റീട്ടുത്ഥാനത്തിൽ
തേ-ജോമയമാം വസ്ത്രം നൽകുന്നോനേ! സ്തോത്രം.

O Son of God, grant rest to your servant among the righteous in that eternal kingdom with Your saints.

Glory be to You, Who quicken the dead from their graves and clothes them with the garments of glory on the day of resurrection.

O Lord, You are the resurrection and the life for those who love You; enlighten the eyes that have become darkened in destruction and ruin. Lo, the dead like seeds, are sown in the depth of the earth, raise them, O Lord, from their graves by the thunder of Your word.

Come down, O life-giving spirit, from the Father's mansions; blow upon the dead and awaken them that they may sing glory; in the graves men's mouths are firmly closed and cannot laud You; let them come to paradise where the worshipers glorify You without ceasing.

O son of God, Who is the hope of all mortals, may this Your servant be raised from dust by Your word; shake off from him corruption and restore his beauty which has faded away; and on the day of resurrection renew him and raise him from the grave.

Glory be to the father Who granted hope to the departed who are in Sheol; adoration to the Son Who descended and visited them; praise be to the Spirit Who, by the sound of the trumpet, will raise their bodies; glory be to God, remission of sins for the dead, and upon us mercy and grace.

Glory be to you, Who quickens the dead from their graves and clothes them with the garments of glory on the day of resurrection.

MAR GREGORIOS MOVEMENT
MGM
KUWAIT
WORSHIP
STUDY
SERVICE
CHARITY